പാപിയെ  ജീവ  ഊറ്ററികെ മേവുക ഉയിർനേടുവാൻ

സ്നേഹമായ് യേശു വിളിക്കുന്നിതാ വേഗത്തിലോടി നീ വാ

ആ...ആ... താമസമേതും ചെയ്തിടാതെ സമയമിതേ നീ വൈകിടാതെ

അത്ഭുതമായ് നിന്നെ താൻ രക്ഷിക്കും

അവൻ പൊൻപാദം തേടി നീ വാ

ഉള്ള നിലയോടു വന്നീടുക കള്ളയുലകം വിട്ട്

തള്ളുകയില്ലൊരു പാപിയേയും തള്ളയാം യേശുദേവൻ

ആ....ആ....താമസ

ഇന്നു നീ സ്വസ്ഥനായ് തീർന്നിടുമേ പഞ്ച മുറിവുകളാൽ

സ്വന്തമായ് നിന്നെയും ചേർത്തിടുമേ അന്തമില്ലാ രാജ്യത്തിൽ

ആ....ആ.... താമസ

പാപി മനം തിരിഞ്ഞീടുന്നേരം ദൂതഗണങ്ങളെല്ലാം

ആഘോഷമായ് സ്വർഗ്ഗേ പാടിടുമേ ആനന്ദഗീതങ്ങളെ

ആ...ആ... താമസ

വാഗ്ദത്തങ്ങളെല്ലാം ചെയ്തുള്ളവൻ വാക്കൊന്നും മാറാത്തവൻ

ഗണ്യമാക്കാതുള്ള ഏവനേയും തള്ളുമേ താൻ നിത്യമായ്

ആ....ആ... താമസ

paapiye  jeeva  oottarike mevuka uyir്neduvaan

snehamaayi yeshu vilikkunnithaa vegatthilodi nee vaa –2

aa...aa... thaamasamethum cheythidaathe samayamithe nee vaikidaathe

athbhuthamaayi ninne thaan് rakshikkum

avan് pon്paadam thedi nee vaa –2

ulla nilayodu vanneeduka kallayulakam vittu

thallukayilloru paapiyeyum thallayaam yeshudevan aa….aa….thaamasa….

innu nee swasthanaayi theernnidume panchamurivukalaal

swanthamaayi ninneyum chertthidume anthamillaaraajyatthil aa….aa…. thaamasa….

paapi manam thirinjeedunneram doothaganangalellaam

aakhoshamaayi swargge paadidume aanandageethangale aa…aa… thaamasa….

vaagdatthangalellaam cheythullavan vaakkonnum maaraatthavan

ganyamaakkaathulla evaneyum thallume thaan nithyamaayi aa….aa… thaamasa….